<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പതിമൂന്നാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1228

12.03.2015 - ൽ മറുപടിയ്ക്ക്

കയർ സഹകരണ സംഘങ്ങൾ

| <u>ചോദ്യം</u><br>ശ്രീ.കെ.അജിത് | <u>ഉത്തരം</u><br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം എത്ര കയർ സഹകരണ സംഘങ്ങളാണ് അനുവദിച്ചതെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ; | എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം 216 കയർ സഹകരണ സംഘങ്ങൾ അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ജില്ല | സംഘങ്ങളുടെ എണ്ണം | പ്രോജക്ട് പരിധി |
|---|---|---|---|
| 1 | തിരുവനന്തപുരം | 6 | ചിറയിൻകീഴ് |
| 2 | കൊല്ലം | 22 | കൊല്ലം |
| 3 | പത്തനംതിട്ട | 2 | |
| 4 | ആലപ്പുഴ | 105 | കായംകുളം (44 എണ്ണം)<br>ആലപ്പുഴ (61 എണ്ണം) |
| 6 | കോട്ടയം | 20 | വൈക്കം |
| 7 | മലപ്പുറം | 1 | പൊന്നാനി |
| 8 | പാലക്കാട് | 32 | |
| 9 | കോഴിക്കോട് | 11 | കോഴിക്കോട് |
| 10 | കണ്ണൂർ | 15 | കണ്ണൂർ |
| 11 | കാസർഗോഡ് | 2 | |
| | ആകെ | 216 | |

| | |
|---|---|
| ബി) സംസ്ഥാനത്ത് പുതുതായി ആരംഭിച്ച സംഘങ്ങളിൽ കയർ വിപണനവുമായി ബന്ധപ്പെട്ട് എത്രകോടി രൂപയുടെ ഇടപാടുകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) പുതുതായി ആരംഭിച്ച സംഘങ്ങളിൽ കയർ വിപണനവുമായി ബന്ധപ്പെട്ട് 2,31,34,896 രൂപയുടെ ഇടപാടുകൾ നടത്തിയിട്ടുണ്ട്. |

| | |
|---|---|
| സി) പുതുതായി കയർ സംഘങ്ങൾ അനുവദിക്കാനുള്ള മാനദണ്ഡം എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ; | സി) 1969 ലെ കേരള സഹകരണ നിയമവും ചട്ടവും പ്രകാരമുള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണ് പുതിയ സഹകരണ സംഘങ്ങൾ അനുവദിക്കുന്നത്. പ്രസ്തുത നിയമത്തിലെ വകുപ്പ് 4 പ്രകാരം സഹകരണ തത്വങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്ന സംഘങ്ങൾ മാത്രമേ രജിസ്റ്റർ ചെയ്യാൻ പാടുള്ളൂ.<br><br>വകുപ്പ് 5 പ്രകാരം ക്ലിപ്ത ബാദ്ധ്യതയോട് കൂടിയ സംഘങ്ങൾ മാത്രമേ രജിസ്റ്റർ ചെയ്യുവാൻ പാടുള്ളൂ. ഒരു സംഘം രജിസ്റ്റർ ചെയ്യുന്നതിന് പ്രാരംഭ നടപടിയെന്ന നിലയിൽ പൊതുയോഗം കൂടേണ്ട താണ്. പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഒരു ചീഫ് പ്രൊമോട്ടറെയും രജിസ്ട്രേഷനു ശേഷം 3 മാസത്തേക്കുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നതിന് ഒരു കമ്മിറ്റിയെയും യോഗം നിയോഗിക്കേണ്ട താണ്. കൂടാതെ സംഘത്തിന്റെ ബൈലോ, പ്രവർത്തനപരിധി എന്നിവയും യോഗത്തിൽ അംഗീകരിക്കേണ്ട താണ്.<br><br>വകുപ്പ് 6, ചട്ടം 3 അനുസരിച്ച് രജിസ്ട്രേഷനുള്ള അപേക്ഷ 1-ാം നമ്പർ ഫോറത്തിൽ അനുബന്ധം 2 പ്രതിയായി തയ്യാറാക്കേണ്ട താണ്. അസ്സൽ അപേക്ഷയോടൊപ്പം 1,000/- രൂപയും പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾക്ക് 50/- രൂപയുടെയും ചെലാൻ രസീത് വ യ്ക്കേണ്ട താണ്. |

| | |
|---|---|
| ഡി) പുതുതായി ആരംഭിച്ച ഓരോ സംഘങ്ങളുമായി ബന്ധപ്പെട്ട് എത്ര കയർ തൊഴിലാളികൾ ജോലിചെയ്യുന്നു എന്നും, ഇവർക്ക് എത്ര തൊഴിൽദിനങ്ങൾ വീതം നൽകാൻ പ്രസ്തുത സംഘത്തിന് കഴിയുന്നു എന്നും വ്യക്തമാക്കുമോ? | ഡി) വിവിധ പ്രോജക്ട് ഓഫീസുകൾക്കു കീഴിൽ പുതുതായി ആരംഭിച്ച സംഘങ്ങളിൽ കൊല്ലം, കായംകുളം, ആലപ്പുഴ, വൈക്കം, കണ്ണൂർ എന്നീ പ്രോജക്ടുകൾക്കു കീഴിൽ ഉല്പാദനം ആരംഭിച്ച സംഘങ്ങളിൽ 1360 കയർ തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. പ്രോജക്ട് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നം. | പ്രോജക്ട് | ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം | ലഭിച്ച തൊഴിൽ ദിനങ്ങൾ |
|---|---|---|---|
| 1 | കൊല്ലം | 32 | 29 |
| 2 | കായംകുളം | 418 | 256 |
| 3 | ആലപ്പുഴ | 773 | 178 |
| 4 | വൈക്കം | 130 | 125 |
| 5 | കണ്ണൂർ | 7 | 21 |

സെക്ഷൻ ഓഫീസർ